# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.65/PR/PIC/PHQ/18                                                                  Date : 13.03.2018

---

## പോലീസ് സുസജ്ജം- സംസ്ഥാന പോലീസ് മേധാവി

ന്യൂനമർദ്ദത്തെതുടർന്ന് കേരളതീരത്ത് കനത്ത കാറ്റിനും മഴയ്ക്കും സാധ്യത ഉണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ പോലീസ് മുന്നൊരുക്കങ്ങൾ പൂർത്തിയായെന്നും ഏതു അപകട സാഹചര്യത്തെയും നേരിടാൻ പോലീസ് സുസജ്ജമാണെന്നും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ  ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കോസ്റ്റൽ പോലീസ് ഉൾപ്പെടെ എല്ലാ വിഭാഗങ്ങളും രംഗത്തുണ്ടാകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. തദ്ദേശഭരണസ്ഥാപനങ്ങളും റവന്യൂ അധികൃതർ മറ്റ് ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുമായി ചേർന്ന് ആവശ്യമെങ്കിൽ രക്ഷാപ്രവർത്തനത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ പോലീസ് സ്വീകരിക്കും. എല്ലാ വിഭാഗം ജനങ്ങളും പോലീസിന്റെ നടപടികളോട് സഹകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.

****************

********

—